TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
02-03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 02 - 03 SEPTEMBER 2026

## Awards

- FPAI (Football Players' Association of India) ഇന്ത്യൻ ഫുട്ബോൾ അവാർഡ്സ് 2026 - ൽ ഇന്ത്യൻ ഫുട്ബോളർ ഓഫ് ദി ഇയർ പുരസ്കാരം നേടിയത്

  **Lallianzuala Chhangte**

  - ഇന്ത്യൻ വിമൻസ് പ്ലെയർ ഓഫ് ദി ഇയർ 2026 - **മനീഷ കല്യാൺ**
  - Sunil Chhetri യ്ക്ക് ശേഷം FPAI Indian Player of the Year പുരസ്കാരം മൂന്ന് തവണ നേടുന്ന രണ്ടാമത്തെ താരം - **Lallianzuala Chhangte**

## Appointment

- ആപ്പിളിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സി.ഇ.ഒ)

  **ജോൺ ടർനസ്**

  - ടിം കുക്കിന് പകരമാണ് നിയമനം
- മെഡിക്കൽ ഇതര വിഭാഗത്തിൽനിന്ന് എയർ വൈസ് മാർഷൽ പദവിയിലെത്തുന്ന ആദ്യത്തെ വനിതാ ഓഫീസർ

  **ശക്തി ശർമ്മ**

  - അസിസ്റ്റന്റ് ചീഫ് ഓഫ് എയർ സ്റ്റാഫ് (എജ്യുക്കേഷൻ) ആയി ചുമതലയേറ്റു
- അടുത്തിടെ നോർവേയുടെ പുതിയ രാജാവായി അധികാരമേറ്റത്

  **ഹാക്കോൺ എട്ടാമൻ**
- ESGF (E - Sports Games Federation) ന്റെ പുതിയ പ്രസിഡന്റ്

  **ആശിഷ് ഷെലാർ**

  - മഹാരാഷ്ട്രയിലെ ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസനം, സാംസ്കാരികകാര്യ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന മന്ത്രിയാണിദ്ദേഹം
  - ഇന്ത്യയിലെ E - Sports- ന്റെ പ്രോത്സാഹനവും വികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ദേശീയ സംഘടനയാണ് ESGF
  - ആസ്ഥാനം - **ന്യൂഡൽഹി**

## Kerala

- 2026 ഒക്ടോബറിൽ നടക്കുന്ന ബുസാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലേക്ക് എ വിൻഡോ ഓൺ ഏഷ്യൻ സിനിമ എന്ന വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന മലയാള ചിത്രം

  **ചെവിട്ടോർമ്മ**

  - ലിയോ തദ്ദേവൂസ് രചനയും സംവിധാനവും നിർവഹിച്ച ചലച്ചിത്രമാണ്.
  - 'ചെവിട്ടോർമ്മ'യുടെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് ദിലീഷ് പോത്തൻ, പൗളി വത്സൻ എന്നിവരാണ്.
  - ചിത്രത്തിന്റെ ഇതിവൃത്തം ത്രേസ്യയും പായമ്മൽ വർക്കിച്ചനും തമ്മിലുള്ള കൂടിക്കാഴ്ചയെ ആസ്പദമാക്കിയുള്ളതാണ്.

- 2026 - ലെ ആറൻമുള ഉതൃട്ടാതി ജലമേളയിൽ എ ബാച്ചിൽ ജേതാക്കളായത്

**മേലുകര പള്ളിയോടം**

  - ബി ബാച്ചിൽ ജേതാക്കളായത് - **കോറ്റാത്തൂർ കൈതക്കോടി പള്ളിയോടം.**
  - എ, ബി ബാച്ചുകളിലെ ജേതാക്കൾക്ക് ലഭിച്ച ട്രോഫി - **മന്നം ട്രോഫി.**
  - 2026-ലെ ജലമേളയിൽ മികച്ച രീതിയിൽ പാടി തുഴഞ്ഞതിനുള്ള ആർ. ശങ്കർ മെമ്മോറിയൽ ട്രോഫി നേടിയ പള്ളിയോടം - **ചെന്നിത്തല പള്ളിയോടം.**
  - വള്ളംകളി നടക്കുന്നത് പമ്പയിൽ
  - ആറൻമുള പാർത്ഥസാരഥി ക്ഷേത്ര ആചാരവുമായും അനുഷ്ഠാനങ്ങളുമായും ഉതൃട്ടാതി വള്ളംകളിയ്ക്ക് ബന്ധമുണ്ട്

## National

- രാഷ്ട്രപതിയുടെ എ.ഡി.സി മേജർ ഋഷഭ് സിങ് സാംബ്യാൽ വിരമിച്ചു
  - കുടുംബപരമായ ഉത്തരവാദിത്വങ്ങൾ ചൂണ്ടിക്കാട്ടിയാണ് വിരമിക്കൽ
  - ജമ്മുകശ്മീർ സ്വദേശിയായ ഋഷഭ് 2023 മാർച്ചിൽ രാഷ്ട്രപതിയുടെ എ.ഡി.സി.യായി നിയമിതനായി
- 2026-ലെ സ്വാതന്ത്ര്യ ദിനത്തിൽ യൂറോപ്പിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മൗണ്ട് എൽബ്രസ് കീഴടക്കിയ ഇന്ത്യൻ വനിത

**ശിവാനി മെഹ്റോത്ര**

- സർക്കാർ ജീവനക്കാർക്ക് മൂന്നാമത്തെ പ്രസവത്തിനും ഒരു വർഷം ശമ്പളത്തോടെയുള്ള പ്രസവാവധി പ്രഖ്യാപിച്ച സംസ്ഥാനം

**തമിഴ്നാട്**

- നല്ല പെരുമാറ്റമുള്ള തിരഞ്ഞെടുക്കപ്പെട്ട തടവുകാർക്ക് പകൽ സമയത്ത് ജയിലിന് പുറത്തുപോയി ജോലി ചെയ്യാൻ അവസരം നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ഒരുങ്ങുന്ന സംസ്ഥാനം

**ജാർഖണ്ഡ്**

  - യോഗ്യരായ തടവുകാർക്ക് രാവിലെ 6 അല്ലെങ്കിൽ 7 മണിയോടെ ജയിലിൽ നിന്ന് ജോലിക്കായി പുറത്തുപോകാൻ കഴിയാം.
  - പുറത്തുപോയ ശേഷം പരമാവധി 12 മണിക്കൂറിനുള്ളിൽ ജയിലിലേക്ക് തിരിച്ചെത്തണം

## International

- നേപ്പാളിലെ ആദ്യ വനിതാ ഹെലികോപ്റ്റർ ക്യാപ്റ്റൻ

**പ്രിയാ അധികാരി**

  - അടുത്തിടെ നേപ്പാൾ പ്രളയത്തെ തുടർന്ന് നൂറിലേറെ രക്ഷാദൗത്യങ്ങളാണ് പ്രിയ പൂർത്തിയാക്കിയത്.

## Space

- നാസയുടെ നാൻസി ഗ്രേസ് റോമൻ സ്പേസ് ടെലിസ്കോപ്പ് വിക്ഷേപിച്ചത്

**2026 ഓഗസ്റ്റ് 30**

  - വിക്ഷേപണത്തിന് ഉപയോഗിച്ച റോക്കറ്റ് - **SpaceX Falcon Heavy.**
  - Dark Matter, Dark Energy, എന്നിവയെക്കുറിച്ചും സൗരയൂഥത്തിന് പുറത്തുള്ള ഗ്രഹങ്ങളെ കുറിച്ചും പഠിക്കാൻ ഇത് സഹായിക്കും
  - ഈ ദൂരദർശിനിയുടെ പേര് നാൻസി ഗ്രേസ് റോമൻ (Nancy Grace Roman) എന്ന പ്രശസ്ത ജ്യോതി ശാസ്ത്രജ്ഞയുടെ പേരിലാണ്.

- NASA യുടെ ആദ്യ Chief Astronomer ആയിരുന്നു നാൻസി ഗ്രേസ് റോമൻ.
- നാൻസി ഗ്രേസ് റോമൻ "Mother of Hubble" എന്നറിയപ്പെടുന്നു.
- ഒരു സ്ത്രീയുടെ പേരിൽ നാമകരണം ചെയ്ത NASA യുടെ ആദ്യ ബഹിരാകാശ ദൂരദർശിനി ആണ് ഇത്

◆ GSLV-F17 / EOS-05 (GISAT-1A)

- EOS-05 ഒരു ഭൗമനിരീക്ഷണ ഉപഗ്രഹമാണ്
- EOS-05-ന്റെ മറ്റൊരു പേര് GISAT-1A എന്നാണ്.
- GSLV-F17 ഇന്ത്യയുടെ Geosynchronous Satellite Launch Vehicle (GSLV)-ന്റെ 19-ാമത്തെ വിക്ഷേപണമാണ്.
- GSLV-F17 വിക്ഷേപണം 2026 സെപ്റ്റംബർ 4 ന് നടത്താനാണ് ISROയുടെ നിലവിലെ പദ്ധതി.
- വിക്ഷേപണ കേന്ദ്രം - **സതീഷ് ധവാൻ സ്പേസ് സെന്റർ ശ്രീഹരിക്കോട്ട.**
- ജിയോസ്റ്റേഷനറി ഭ്രമണപഥത്തിൽ നിന്ന് പ്രവർത്തിക്കുന്ന ഇന്ത്യയുടെ ആദ്യത്തെ imaging satellite ആണ് EOS-05.
- ഭൂമിയിൽ നിന്ന് ഏകദേശം 36,000 കിലോമീറ്റർ ഉയരത്തിലുള്ള ജിയോസ്റ്റേഷനറി ഭ്രമണപഥത്തിലാണ് ഉപഗ്രഹത്തെ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നത്.
- ഇന്ത്യയുടെ വിശാലമായ പ്രദേശങ്ങളുടെ തുടർച്ചയായ/തത്സമയത്തിന് അടുത്തുള്ള നിരീക്ഷണം സാധ്യമാക്കുകയാണ് പ്രധാന ലക്ഷ്യങ്ങളിലൊന്ന്.
- പ്രകൃതിദുരന്തങ്ങൾ വേഗത്തിൽ നിരീക്ഷിക്കാൻ ഉപഗ്രഹം സഹായിക്കും.
- കാലാവസ്ഥാ നിരീക്ഷണത്തിനും EOS-05 പ്രധാനപ്പെട്ടതാണ്.
- കാർഷിക മേഖലയുടെ നിരീക്ഷണം EOS-05ന്റെ പ്രധാന പ്രയോഗങ്ങളിൽ ഒന്നാണ്.
- വനമേഖല, ജലവിഭവങ്ങൾ എന്നിവയുടെ സ്ഥിതി പഠിക്കാനും ഉപഗ്രഹം സഹായിക്കും.
- ഇപ്പോഴത്തെ GISAT-1A/EOS-05, മുമ്പ് പരാജയപ്പെട്ട GISAT-1 ദൗത്യത്തിന് പകരക്കാരനായാണ് ഒരുക്കിയിരിക്കുന്നത്.
- 2021 ഓഗസ്റ്റ് 12ന് GSLV-F10 ഉപയോഗിച്ച് GISAT-1 വിക്ഷേപിക്കാൻ ശ്രമിച്ചിരുന്നു.
- 2026 ജനുവരിയിലെ PSLV-C62 ദൗത്യത്തിലെ പരാജയത്തിന് ശേഷം ISROയുടെ വിക്ഷേപണ പ്രവർത്തനങ്ങളിലേക്കുള്ള പ്രധാന തിരിച്ചുവരവായാണ് GSLV-F17 ദൗത്യം ശ്രദ്ധ നേടുന്നത്.

**Today's MCQ**

1. 2026 ഓഗസ്റ്റിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് Oliy Darajali Do'stlik ബഹുമതി നൽകിയ രാജ്യം ഏതാണ്?

   a) ഉസ്ബെക്കിസ്ഥാൻ b) ഇന്തോനേഷ്യ
   c) സ്ലോവാക്യ d) നേപ്പാൾ

2. അന്താരാഷ്ട്ര ചർച്ചകൾക്കും നിയമവ്യവസ്ഥകൾക്കും നൽകിയ വിലപ്പെട്ട സംഭാവനകൾ പരിഗണിച്ച്, 2026-ലെ റാമോൺ മാഗ്സസെ അവാർഡിന് അർഹനായ സിംഗപ്പൂരിലെ മുൻ നയതന്ത്രജ്ഞൻ ആരാണ്?

   a) Tommy Koh b) Lee Kuan Yew
   c) Goh Chok Tong d) Tharman Shanmugaratnam

**Ans : 1 (a), 2 (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
04



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 04 SEPTEMBER 2026

## Awards

- മൂന്നാമത് മാധവിക്കുട്ടി പുരസ്കാര ജേതാവ്

  **പെരുമാൾ മുരുകൻ**

  - പുന്നയൂർക്കുളം സാഹിത്യ സമിതിയാണ് പുരസ്കാരം ഏർപ്പെടുത്തിയത്
  - 25,000 രൂപയാണ് പുരസ്കാര തുക

## Kerala

- രാജ്യത്തെ ആദ്യ വൈദ്യുതി ട്രക്ക് ഇടനാഴി സജ്ജമാക്കാനൊരുങ്ങുന്ന സംസ്ഥാനം

  **കേരളം**

  - കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 622 കിലോമീറ്റർ വൈദ്യുതി ട്രക്കുകൾക്ക് ചാർജ് ചെയ്യാനുള്ള സൗകര്യമൊരുക്കുകയാണ് ലക്ഷ്യം
  - ദേശീയ പാത 66 ലാവും പദ്ധതി നിലവിൽ വരിക
- ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് ആരംഭിക്കുന്ന പ്രചാരണം

  **ഹൃദയരാഗം**

  - ആദ്യ ഘട്ടത്തിൽ വട്ടിയൂർക്കാവ് , ഇടുക്കി, നിലമ്പൂർ മണ്ഡലങ്ങളിലാണ് നടപ്പാക്കുന്നത്
- സംസ്ഥാനത്തെ മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ പുതിയ പേര്

  **ഹാപ്പിനെസ്സ് ആൻഡ് വെൽനെസ്സ് സെന്ററുകൾ**

  - ഹൈക്കോടതി നിർദേശ പ്രകാരമാണ് പേര് മാറ്റം
  - മാനസിക അസ്വാസ്ത്യമുള്ളവർക്കു മാത്രമല്ല മാനസികമായി ആരോഗ്യകരമായ ജീവിതം ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ മാറ്റുകയാണ് ലക്ഷ്യം.

## National

- അടുത്തിടെ അസമിലെ ലൗഖോവ വന്യജീവി സങ്കേതത്തിൽ കണ്ടെത്തിയ അപൂർവ ഇനം ദേശാടന പക്ഷി

  **Migratory Smew (Mergellus albellus)**

  - ഏഴാമത് കാസിരംഗ വാട്ടർബേർഡ് കൗണ്ട് 2026 ലാണ് ഈ അപ്പൂർവ ഇനം പക്ഷിയെ കണ്ടെത്തിയത്
  - വംശനാശ ഭീഷണി നേരിടുന്ന ബംഗാൾ ഫ്ളോറിക്കൻ എന്ന അപൂർവ ഇനം പക്ഷിയെയും ഇതിനോടൊപ്പം തന്നെ കണ്ടെത്തിയിരുന്നു.
- ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ പുതുക്കിയ ചട്ട പ്രകാരം ഒരാൾക്ക് കൈവശം വെക്കാൻ കഴിയുന്ന പരമാവധി സിം കാർഡുകളുടെ എണ്ണം

  **9**

  - ജമ്മു കാശ്മീർ, അസം, നോർത്ത് ഈസ്റ്റ് പ്രദേശങ്ങളിൽ പരമാവധി 6 സിമ്മുകൾ വരെ കൈവശം വെക്കാം

- അടുത്തിടെ സോൺ നദിയുമായി ബന്ധപ്പെട്ട 25 വർഷം നീണ്ടുനിന്ന തർക്കം അവസാനിപ്പിച്ച സംസ്ഥാനങ്ങൾ

**ബീഹാർ, ജാർഖണ്ഡ്**

  - ആഭ്യന്തര മന്ത്രി അമിത് ഷാ യുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലാണ് തർക്ക പരിഹാരത്തിനുള്ള കരാറിൽ ഒപ്പുവെച്ചത്
  - ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ, ബീഹാർ മുഖ്യമന്ത്രി സാമ്രാട്ട് ചൗധരി, ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പിട്ടത്.

- ഇന്ത്യയും ഉസ്ബെക്കിസ്താനും തമ്മിലുള്ള വിദ്യാഭ്യാസ, സാംസ്കാരിക വിനിമയങ്ങൾ ശക്തി പ്പെടുത്തുന്നതിനായി പ്രഖ്യാപിച്ച സ്കോളർഷിപ്പ്

**ലാൽ ബഹാദൂർ ശാസ്ത്രി സ്കോളർഷിപ്പ്**

  - ഉസ്ബെക്ക് വിദ്യാർത്ഥികൾക്കായി ഹിന്ദി ഭാഷ പഠിക്കാനായിട്ടുള്ള സ്കോളർഷിപ്പാണിത്
  - പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശന വേളയിലായിരുന്നു പ്രഖ്യാപനം

## International

- അടുത്തിടെ ഉക്രൈൻ പരമോന്നത ബഹുമതികളിൽ ഒന്നായ ഓർഡർ ഓഫ് ഫ്രീഡം നൽകി ആദരിച്ചത്

**എലോൺ മസ്ക്**

  - വ്യക്തിഗത സേവനങ്ങൾക്കാണ് പുരസ്കാരം
  - ടെസ്ല , സ്പേസ് എക്സ് എന്നീ കമ്പനികളുടെ സി.ഇ.ഒ. ആണ് എലോൺ മസ്ക്

- 2026 സെപ്റ്റംബറിൽ പൊട്ടിത്തെറിച്ച ഇന്തോനേഷ്യയിൽ സ്ഥിതി ചെയ്യുന്ന അഗ്നിപർവതം

**Mount Sinabung**

  - ഇൻഡോനേഷ്യയിലെ സുമാത്ര ദ്വീപിലാണ് ഈ അഗ്നിപർവതം സ്ഥിതി ചെയ്യുന്നത്

- 2026 സെപ്റ്റംബറിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ലേക്ക് അമേരിക്ക എന്ന് പുനർ നാമകരണം നൽകിയ തടാകം

**ലേക്ക് ഒന്റാറിയോ**

  - ആപ്പിൾ മാപ്സിലും ഗൂഗിൾ മാപ്സിലും പേരിൽ മാറ്റം വരുത്തിയിരുന്നു

- V-Dem ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2026 ഇലക്ട്രൽ ഡെമോക്രസി ഇൻഡക്സ് പ്രകാരം ഇന്ത്യയുടെ സ്ഥാനം

**106**

  - 179 രാജ്യങ്ങളുടെ പട്ടികയാണ് പുറത്തുവിട്ടത്
  - 0.38 സ്കോർ ആണ് ഇന്ത്യക്ക് ലഭിച്ചത്

## Sports

- ദുലീപ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ അർദ്ധ സെഞ്ചറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം

**വൈഭവ് സൂര്യവംശി**

  - 57 വർഷങ്ങൾക്ക് മുൻപ് ലക്ഷ്മൺ സിങ് നേടിയ റെക്കോർഡാണ് തിരുത്തിയത്
  - മധ്യ മേഖലക്കെതിരെ നടന്ന മത്സരത്തിലാണ് റെക്കോർഡ് നേട്ടം
  - കിഴക്കൻ മേഖലക്ക് വേണ്ടിയാണ് വൈഭവ് കളിക്കുന്നത്

- അടുത്തിടെ ഇന്റർനാഷണൽ ടെന്നീസ് ഹാൾ ഓഫ് ഫെയിമിൽ ഇടം നേടിയ ടെന്നീസ് ഇതിഹാസം

**റോജർ ഫെഡറർ**

  - 2022 സെപ്റ്റംബറിൽ വിരമിച്ച ഫെഡറർ, 20 ഗ്രാൻഡ് സ്ലാം സിംഗിൾസ് കിരീടങ്ങൾ നേടിയിട്ടുണ്ട്

- അന്താരാഷ്ട്ര വോളീബോൾ മത്സരത്തിലെ ഏറ്റവും ദൈർഘ്യമേറിയ സെറ്റ് കളിച്ച രാജ്യങ്ങൾ

  **ജർമ്മനി, ഇറ്റലി**

  - 66-64 എന്ന സ്കോറിന് ജർമ്മനി ആണ് ഈ സെറ്റ് വിജയിച്ചത്
  - മത്സരത്തിൽ ഇറ്റലിയാണ് വിജയിച്ചത്
  - അർജന്റീനയും പോളണ്ടുമായിരുന്നു ഇതിനു മുൻപേ ഏറ്റവും ദൈർഘ്യമേറിയ സെറ്റ് കളിച്ചത്

- ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ സംഘടിപ്പിച്ച കാഴ്ച പരിമിതിയുള്ളവർക്കായി സംഘടിപ്പിച്ച ടൂർണമെന്റിൽ ജേതാക്കളായത്

  **കേരളം**

  - ഫൈനലിൽ ഒഡീഷയെ മൂന്ന് ഗോളിന് തോൽപ്പിച്ചു
  - തുടർച്ചയായ രണ്ടാം തവണയാണ് കേരളം ജേതാക്കളാവുന്നത്

**Today's MCQ**

1. 2026 ഒക്ടോബറിൽ നടക്കുന്ന ബുസാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുന്ന മലയാള ചിത്രം ഏത്?

   a) ഭ്രമയുഗം   b) ചെവിട്ടോർമ്മ

   c) മഞ്ഞുമ്മൽ ബോയ്സ്   d) ഫെമിനിച്ചി ഫാത്തിമ

2. 2026-ലെ ആറന്മുള ഉത്രട്ടാതി ജലമേളയിൽ എ ബാച്ചിൽ ജേതാക്കളായത് ഏത്?

   a) ചെന്നിത്തല പള്ളിയോടം   b) മേലുകര പള്ളിയോടം

   c) കോറ്റാത്തൂർ കൈതക്കോടി പള്ളിയോടം   d) ആറന്മുള പള്ളിയോടം

**Ans : 1 (b), 2 (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
05




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 05 SEPTEMBER 2026

## Important Event

- **ദേശീയ അധ്യാപക ദിനം - സെപ്റ്റംബർ 5**
  - ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമായിരുന്ന എസ്. രാധാകൃഷ്ണന്റെ ജന്മദിനമാണ് സെപ്റ്റംബർ 5. ഈ ദിവസം ദേശീയ അധ്യാപക ദിനമായി ആചരിക്കുന്നു.

## Appointment

- ആർ.ബി.ഐ.യുടെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത്

  **സുമൻ റേ**
  - 2026 സെപ്റ്റംബർ 01 മുതൽ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചു.
  - എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിൽ, സുമൻ റേ ഡെപ്പോസിറ്റ് ഇൻഷുറൻസ് & ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെയും പ്രിമൈസസ് വകുപ്പിന്റെയും ചുമതല വഹിക്കും.

## Awards

- 2024-ലെ ടെൻസിങ് നോർഗെ ദേശീയ സാഹസിക അവാർഡുകൾ
  - ലാൻഡ് അഡ്വഞ്ചർ വിഭാഗം - **ബൽജീത് കൗർ** (8000 മീറ്റർ ഉയരമുള്ള 5 കൊടുമുടികൾ കീഴടക്കിയ വ്യക്തി),

    **സ്കാൽസാങ് റിഗ്സിൻ** (ഓക്സിജൻ, ഷെർപ്പ എന്നിവയുടെ പിന്തുണയില്ലാതെ എവറസ്റ്റ് കീഴടക്കി)
  - വാട്ടർ അഡ്വഞ്ചർ വിഭാഗം - **റിമോ സാഹ** (പാരാ-സ്വിമ്മർ)
  - ലൈഫ്ടൈം അച്ചീവ്മെന്റ് വിഭാഗം - **ശിവ് പ്രസാദ് ചമോളി**
  - സാഹസിക മേഖലയിലെ വ്യക്തികളുടെ മികച്ച നേട്ടങ്ങളെ അംഗീകരിക്കുന്നതാണ് ഈ അവാർഡുകൾ

## National

- 2026 സെപ്റ്റംബറിൽ ഇന്ത്യ സന്ദർശിച്ച ബെൽജിയം പ്രധാനമന്ത്രി

  **ബാർട്ട് ഡി വെവർ**
  - ബെൽജിയം പ്രതിരോധ, വിദേശ വ്യാപാര മന്ത്രി തിയോ ഫ്രാങ്കനും ഉദ്യോഗസ്ഥരുടെയും ബിസിനസ് നേതാക്കളുടെയും ഉന്നതതല പ്രതിനിധി സംഘവും ബെൽജിയം പ്രധാനമന്ത്രിയോടൊപ്പം ഉണ്ട്.
  - 2025 ഫെബ്രുവരിയിൽ അധികാരമേറ്റതിനുശേഷം പ്രധാനമന്ത്രി ഡി വെവറിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.
  - ഇന്ത്യ-ബെൽജിയം പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കരാറുകളിൽ രണ്ട് രാജ്യങ്ങളും ഒപ്പുവെച്ചു.

## International

- അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികാഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കിയ ഒരുഡോളർ നാണയത്തിൽ ഡൊണാൾഡ് ട്രംപിന്റെ മുഖം ആലേഖനം ചെയ്തു.
    - നാണയത്തിന്റെ മുൻവശത്താണ് ട്രംപിന്റെ മുഖം.
    - മറുഭാഗത്ത് അമേരിക്കയുടെ ദേശീയചിഹ്നമായ ഗ്രേറ്റ് സീലും.
    - സ്വർണനിറത്തിലുള്ള നാണയത്തിന്റെ മുകൾഭാഗത്ത് 'ലിബർട്ടി' എന്നും താഴെ '1776-2026' എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
    - 1776 ജൂലൈ 4 നാണ് അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം നടന്നത്
- Eternal Flame Falls സ്ഥിതി ചെയ്യുന്നത്

    **ചെസ്റ്റ്നട്ട് റിഡ്ജ് പാർക്ക്** (വെസ്റ്റേൺ ന്യൂയോർക്ക്)

    - 35 അടി ഉയരത്തിൽ നിന്ന് തട്ടുതട്ടായി താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടവും അതിന് പിന്നിലെ ചെറുഗുഹയ്ക്കുള്ളിൽ നിരന്തരം കത്തിനിൽക്കുന്ന തീ നാളവുമാണ് ഇവിടത്തെ പ്രത്യേകത.
    - വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്ന പാറക്കെട്ടുകളിൽ നിന്നും ചോരുന്ന പ്രകൃതിവാതകമാണ് ഈ തീ നാളത്തിന് കാരണം.
    - ഗുഹപോലെയുള്ള ഭാഗത്തെ പാറക്കെട്ടിലെ വിള്ളലിനുള്ളിലൂടെ നിരന്തരമായി മീഥെൻ അടങ്ങിയ വാതകം പുറന്തള്ളപ്പെട്ടുക്കൊണ്ടേയിരിക്കുകയാണ്. ഇത് അന്തരീക്ഷത്തിലെ ഓക്സിജനുമായി കലരുമ്പോഴാണ് തീ കത്തുന്നത്

## Space

- EOS-05 വിക്ഷേപിച്ചത്

    **2026 സെപ്റ്റംബർ 4**

    - വിക്ഷേപണ വാഹനം ജിഎസ്എൽവി - എഫ് 17
    - സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം.
- ചന്ദ്രനിലും ചൊവ്വയിലും മനുഷ്യർക്ക് താമസിക്കാനും ജോലി ചെയ്യാനും സാധിക്കുന്ന അന്യഗ്രഹ വാസസ്ഥലങ്ങളേയും സാങ്കേതികവിദ്യകളേയും കുറിച്ച് പഠിക്കുന്നതിനായി തയാറാക്കുന്ന പദ്ധതി

    **BHEEM** (Bharatiya Habitable Expandable Extraterrestrial Habitat)

    - ഇന്ത്യൻ ബഹിരാകാശ സഞ്ചാരിയും ഗ്രൂപ്പ് ക്യാപ്റ്റനുമായ ശുഭാൻഷു ശുക്ല ഇതേക്കുറിച്ചുള്ള അക്കാദമിക് ഗവേഷണ പദ്ധതിയുടെ വിവരങ്ങൾ പുറത്തുവിട്ടു.
    - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ അലോക് ലാബിൽ വികസിപ്പിച്ചെടുത്ത പദ്ധതിയാണിത്.

## Sports

- അന്താരാഷ്ട്ര T20 ക്രിക്കറ്റിൽ രണ്ട് സെഞ്ചുറി നേടുന്ന ആദ്യ ഇന്ത്യൻ വനിതാ താരം

    **സ്മൃതി മന്ദാന**

    - അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ ഏറ്റവുംകൂടുതൽ സെഞ്ചുറി നേടുന്ന താരമെന്ന നേട്ടവും മന്ദാന സ്വന്തമാക്കി (18 സെഞ്ചുറികൾ).
    - 17 സെഞ്ചുറികളുള്ള ഓസ്ട്രേലിയൻ താരം മെഗ് ലാന്നിങ്ങിന്റെയും ദക്ഷിണാഫ്രിക്കൻ താരമായ ലോറ വോൾവാർട്ടിന്റെയും റെക്കോർഡാണ് മറികടന്നത്.
    - ഇതിനൊപ്പം അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന താരം എന്ന റെക്കോർഡും മന്ദാന സ്വന്തമാക്കി (മിതാലി രാജിന്റെ റെക്കോർഡാണ് മറികടന്നത്)

- ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകൻ

**വി.വി.എസ്. ലക്ഷ്മൺ**

- സ്ഥിരം പരിശീലകൻ ഗൗതം ഗംഭീറിന്റെ അഭാവത്തിലാണ് ലക്ഷ്മൺ ടീമിന്റെ ചുമതലയേൽക്കുന്നത്.
- പുരുഷന്മാരുടെ T20 മത്സരത്തിൽ ശ്രേയസ് അയ്യർ ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ
- 2023 ലെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയെ സ്വർണ മെഡലിലേക്ക് നയിച്ചത് വി.വി.എസ് ലക്ഷ്മണാണ്.

**Today's MCQ**

1. മൂന്നാമത് മാധവിക്കുട്ടി പുരസ്കാരത്തിന് അർഹനായ വ്യക്തി ആര്?

   a) സുഭാഷ് ചന്ദ്രൻ　　b) പെരുമാൾ മുരുകൻ

   c) എം. മുകുന്ദൻ　　d) ബെന്യാമിൻ

2. രാജ്യത്തെ ആദ്യത്തെ വൈദ്യുതി ട്രക്ക് ഇടനാഴി സജ്ജമാക്കാൻ ഒരുങ്ങുന്ന സംസ്ഥാനം ഏതാണ്?

   a) തമിഴ്നാട്　　b) കർണാടക

   c) കേരളം　　d) ഗുജറാത്ത്

**Ans : 1 (b), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
06




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ (ABC) പുതിയ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്

  **മോഹിത് ജയിൻ**

- വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബിൽ, 2026 (The Foreign Contribution (Regulation) Amendment Bill, 2026 (FCRA Bill, 2026)) പരിശോധിക്കുന്നതിനായി രൂപീകരിച്ച 31 അംഗ ജോയിന്റ് പാർലമെന്ററി കമ്മിറ്റിയുടെ (JPC) അധ്യക്ഷൻ

  **സഞ്ജയ് ജയ്സ്വാൾ**

  - എൻ.ജി.ഒ കൾക്കും മറ്റ് സംഘടനകൾക്കും ലഭിക്കുന്ന വിദേശ ഫണ്ടുകളുടെ മേൽ കൂടുതൽ കർശനമായ നിരീക്ഷണം ഏർപ്പെടുത്താൻ ലക്ഷ്യമിടുന്ന ബില്ലാണിത്
  - ഒരു സംഘടനയുടെ എഫ്.സി.ആർ.എ (FCRA) രജിസ്ട്രേഷൻ റദ്ദാക്കപ്പെടുകയോ, തിരികെ നൽകുകയോ ചെയ്യുമ്പോൾ ആ സംഘടനയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനായി ഒരു 'പ്രത്യേക അതോറിറ്റി' രൂപീകരിക്കുക എന്ന് ബില്ല് വ്യവസ്ഥ ചെയ്യുന്നു
  - ബില്ല് ലോക്സഭയിൽ അവതരിപ്പിച്ചത് - **2026 മാർച്ച് 25** (കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് അവതരിപ്പിച്ചു )

## Award

- 2026-ൽ എൻ കെ ദേശം സ്മാരക അക്ഷരകേളി പുരസ്കാരത്തിന് അർഹനായത്

  **വി രാമചന്ദ്ര അയ്യർ**

  - സമ്മാനത്തുക - **15000 രൂപ**

## Kerala

- മാലിദ്വീപിലെ പരിസ്ഥിതി സംരക്ഷണത്തിനും തീരദേശ സുരക്ഷയ്ക്കുമായി ആരംഭിച്ച '5 മില്യൺ ട്രീ പ്രൊജക്റ്റിന്' പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മാലിദ്വീപിന് തേക്ക്, മാവ് തൈകൾ സംഭാവന നൽകിയ ഇന്ത്യൻ സംസ്ഥാനം

  **കേരളം**

  - കേരള വനം വകുപ്പ് മന്ത്രി - **ഷിബു ബേബി ജോൺ**

- റഷ്യ - ഉക്രൈൻ യുദ്ധ സമയത്ത് അവിടെ കുടുങ്ങിയ ഇന്ത്യക്കാരെ തിരികെ എത്തിക്കാൻ ഇന്ത്യ നടത്തിയ രക്ഷാദൗത്യം

  **ഓപ്പറേഷൻ ഗംഗ**

  - ഈ സംഭവം പശ്ചാത്തലമാക്കി മോഹൻലാലിനെ നായകനാക്കി വിഷ്ണു മോഹൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ പേരും 'ഓപ്പറേഷൻ ഗംഗ' എന്നാണ്

- കേരളത്തിലെ കള്ളുഷാപ്പുകളിൽ അനധികൃതമായി ഭക്ഷണം പാകം ചെയ്ത് വിൽക്കുന്നത് തടയാനും ഗുണനിലവാരം ഉറപ്പാക്കാനുമായി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പരിശോധന

  **ഓപ്പറേഷൻ ശുദ്ധി**

## National

- അടുത്തിടെ മണ്ണൊലിപ്പ് തടയുന്നതിനായി 'രാമച്ചം' ഉപയോഗിച്ചുള്ള ബയോ എഞ്ചിനീയറിംഗ് പദ്ധതി ആരംഭിച്ച റെയിൽവേ സോൺ

  **സെൻട്രൽ റെയിൽവേ**

  - ഇന്ത്യയിലെ പശ്ചിമഘട്ട മേഖലകളിൽ റെയിൽവേ പാളങ്ങൾക്ക് സമീപമുള്ള മണ്ണൊലിപ്പ് തടയുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്
  - സെൻട്രൽ റെയിൽവേയുടെ ആസ്ഥാനം - **ഛത്രപതി ശിവാജി മഹാരാജ് ടെർമിനസ്, മുംബൈ**

## International

- രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഇറ്റലിയിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി ഭരിച്ച പ്രധാനമന്ത്രി എന്ന റെക്കോർഡ് സ്വന്തമാക്കിയത്

  **ജോർജിയ മെലോനി**

  - ബ്രദേഴ്സ് ഓഫ് ഇറ്റലി എന്ന പാർട്ടിയെ പ്രതിനിധീകരിക്കുന്നു
  - ഇറ്റലിയിലെ ആദ്യ വനിതാ പ്രധാനമന്ത്രി
  - ആത്മകഥ - **I Am Giorgia: My Roots, My Principles**

## Defence

- ഇന്ത്യയുടെ പ്രതിരോധ നയതന്ത്രം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയം 'RAKSHA' എന്ന പ്രതിരോധ നയതന്ത്ര രേഖ പുറത്തിറക്കി

  - പ്രതിരോധ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, തദ്ദേശീയ പ്രതിരോധ ഉപകരണങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുക , സൗഹൃദ രാജ്യങ്ങളുമായുള്ള സൈനിക സഹകരണം കൂടുതൽ ശക്തമാക്കുക , ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സാന്നിധ്യവും സുരക്ഷയും വർദ്ധിപ്പിക്കുക തുടങ്ങിയവ ഇതിന്റെ പ്രധാന ലക്ഷ്യങ്ങളാണ്

## Space

### GISAT 1A (EOS- 05)

- വിക്ഷേപിച്ചത് - **2026 സെപ്റ്റംബർ 04** (സതീഷ് ധവാൻ സ്പേസ് സെന്റർ ശ്രീഹരിക്കോട്ട)
- വിക്ഷേപണ വാഹനം - **GSLV F17**
- GSLV യുടെ 19-ാമത്തെ വിക്ഷേപണം
- 2026- ൽ ഐ.എസ്.ആർ.ഒ നടത്തുന്ന ആദ്യത്തെ വിജയകരമായ വിക്ഷേപണം കൂടിയാണിത്.
- മിഷൻ ഡയറക്ടർ - **തോമസ് കുര്യൻ**
- പ്രൊജക്റ്റ് ഡയറക്ടർ - **ഇംതിയാസ് അഹമ്മദ്**
- EOS-05 ന്റെ ഏകദേശ ഭാരം - **2,367Kg**
- ഇന്ത്യ ഒരു GSLV റോക്കറ്റ് വഴി ഭ്രമണപഥത്തിൽ എത്തിക്കുന്ന ഏറ്റവും ഭാരമേറിയ ഉപഗ്രഹമാണിത്.

- ഭൂമിയിൽ നിന്നും ഏകദേശം 36,000 കിലോമീറ്റർ ഉയരത്തിലുള്ള Geosynchronous orbit നിന്നുള്ള ഇന്ത്യയുടെ ആദ്യത്തെ ഇമേജിംഗ് ഉപഗ്രഹമാണിത്.
- ഇന്ത്യൻ ഭൂപ്രദേശത്തിന്റെ തത്സമയ ചിത്രം നൽകാൻ ശേഷിയുള്ള ജിയോ ഇമേജിങ് ഉപഗ്രഹമാണിത്
- ജിസാറ്റ് 1എ ഇന്ത്യയെയും സമീപ പ്രദേശങ്ങളെയും ഒരേ സ്ഥാനത്ത് നിന്ന് തുടർച്ചയായി നിരീക്ഷിക്കാൻ സാധിക്കും
- ചുഴലിക്കാറ്റ്, മേഘവിസ്ഫോടനം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി അറിയാനാകും
- അതിർത്തി മേഖലകളിലെയും സമുദ്ര മേഖലകളിലെയും തത്സമയ ചലനങ്ങൾ നിരീക്ഷിക്കാൻ സാധിക്കും
- 2021 - ൽ പരാജയപ്പെട്ട GSAT 1 (EOS 03) ന് പകരമായാണ് GISAT 1A വിക്ഷേപിച്ചത് (2021 ഓഗസ്റ്റ് 12 ന് GSLV F 10 ലാണ് GISAT 1 വിക്ഷേപിച്ചത് )

## Sports

- ഇന്ത്യാ-ജപ്പാൻ നയതന്ത്രബന്ധത്തിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി T-20 ക്രിക്കറ്റ് മത്സരം സംഘടിപ്പിക്കുന്നു
  - ജപ്പാനിലെ സാനോ ഇന്റർനാഷണൽ ക്രിക്കറ്റ് ഗ്രൗണ്ടിലാണ് മത്സരം
  - സുസുക്കി കപ്പ് എന്ന പേരിലാണ് മത്സരം നടക്കുക.
- 2027-ൽ ഐ.സി.സി യുടെ പ്രഥമ വനിതാ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിന് വേദിയാകുന്ന രാജ്യം

  **ഇന്ത്യ**
  - ശ്രീലങ്കയാണ് വേദിയാകേണ്ടിയിരുന്നത്
  - ആകെ പങ്കെടുക്കുന്ന ടീമുകൾ - **6** (ഇന്ത്യ , ശ്രീലങ്ക , ദക്ഷിണാഫ്രിക്ക , ഇംഗ്ലണ്ട് , ഓസ്ട്രേലിയ, ന്യൂസിലാന്റ് )
  - ഐ.സി.സി യുടെ പ്രഥമ പുരുഷ ചാമ്പ്യൻസ് ട്രോഫി ആദ്യമായി നടന്നത് 1998-ൽ ബംഗ്ലാദേശിലാണ് (ജേതാക്കൾ - ദക്ഷിണാഫ്രിക്ക)
  - 2025 ഐ.സി.സി പുരുഷ ചാമ്പ്യൻസ് ട്രോഫി ജേതാക്കൾ - **ഇന്ത്യ** (വേദി -പാകിസ്ഥാൻ, യു എ ഇ)
  - 2029 ഐ.സി.സി പുരുഷ ചാമ്പ്യൻസ് ട്രോഫി ഇന്ത്യയിൽ നടക്കും

## Today's MCQ

1. ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകൻ

   (a) അനിൽ കുംബ്ലെ (b) വി.വി.എസ്.ലക്ഷ്മണൻ

   (c) രാഹുൽ ദ്രാവിഡ് (d) ഗൗതം ഗംഭീർ

2. അന്താരാഷ്ട്ര വനിത ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചുറികൾ നേടിയ താരം

   (a) ഹർമൻ പ്രീത് കൗർ (b) സ്മൃതി മന്ഥാന

   (c) മിതാലി രാജ് (d) മെഗ് ലാനിങ്

**Ans : 1(b), 2(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
07-08




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- ലഡാക്കിലെ സാൻസ്കർ ജില്ലയിൽ നിന്ന് ഇന്ത്യൻ സൈന്യത്തിൽ കമ്മീഷൻ ചെയ്യപ്പെടുന്ന ആദ്യത്തെ വനിതാ ഓഫീസർ

  **സ്റ്റാൻസിൻ സാങ്യാങ്**

## Book and Author

- Arguments with Gandhi എന്ന ബുക്ക് എഴുതിയത്

  **രാമചന്ദ്ര ഗുഹ**

  - ബി.ആർ അംബേദ്കർ, ആൽബർട്ട് ഐൻസ്റ്റീൻ തുടങ്ങിയ പ്രമുഖരുമായി ഗാന്ധിജി നടത്തിയ സംവാദങ്ങളിലൂടെ അദ്ദേഹത്തിന്റെ ആശയങ്ങളെയും പൈതൃകത്തെയും വിശകലനം ചെയ്യുന്ന രാമ ചന്ദ്ര ഗുഹയുടെ പുതിയ പുസ്തകമാണ് 'ആർഗ്യുമെന്റ്സ് വിത്ത് ഗാന്ധി'.
  - ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2ന് ഈ പുസ്തകം ഹാർപ്പർ കോളിൻസ് ഇന്ത്യ (Harper Collins India) പ്രസിദ്ധീകരിക്കും.

## International

- 73-ാമത് മിസ് വേൾഡ് 2026 മത്സരത്തിൽ ലോകസുന്ദരിപ്പട്ടം നേടിയത്

  **Joheirry Mola Dominguez** ( ഡൊമിനിക്കൻ റിപ്പബ്ലിക്ക് )

  - സ്പെയിന്റെ എലിസബത്ത് റെയ്നസ് ഫസ്റ്റ് റണ്ണറപ്പും മലേഷ്യയുടെ താനുസിയ ചെട്ടി സെക്കൻഡ് റണ്ണറപ്പുമായും തിരഞ്ഞെടുക്കപ്പെട്ടു.
  - ഇന്ത്യയെ പ്രതിനിധീകരിച്ചത് - **നിഖിത പോർവാൾ**
  - വേദി - **വിയറ്റ്നാം**

- ബാലവിവാഹ വിരുദ്ധ ദിനം (International Day for the Elimination of Child, Early and Forced Marriage)

  **നവംബർ 27**

  - 193 അംഗങ്ങളുള്ള ഐക്യരാഷ്ട്ര പൊതുസഭ നവംബർ 27-നെ ശൈശവ, നിർബന്ധിത വിവാഹ നിർമാർജനത്തിനായുള്ള അന്താരാഷ്ട്ര ദിനമായി പ്രഖ്യാപിച്ചു.
  - ആഫ്രിക്കൻ രാജ്യമായ സിയറ ലിയോൺ (Sierra Leone) ആണ് ഈ പ്രമേയം ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിച്ചത്.
  - ഇന്ത്യ ഉൾപ്പെടെ 70 ഓളം രാജ്യങ്ങൾ ഈ പ്രമേയത്തെ പിന്തുണച്ചു.
  - ഇതിനായി പ്രവർത്തിച്ച ഇന്ത്യയിൽ നിന്നുള്ള വ്യക്തിയാണ് ജെസ്റ്റ് റൈറ്റ്സ് ഫോർ ചിൽഡ്രന്റെ സ്ഥാപനകനായ ഭുവൻ റിഭു
  - 2024 നവംബർ 27-നാണ് ഇന്ത്യയിൽ 'ബാല വിവാഹ മുക്ത് ഭാരത്' (Child Marriage Free India) എന്ന സുപ്രധാന ദേശീയ കാമ്പയിൻ ആരംഭിച്ചത്. അതുകൊണ്ടാണ് നവംബർ 27 ഈ ദിവസമായി ആചരിക്കാൻ തീരുമാനിച്ചത്

- ജനിതകമാറ്റം വരുത്തിയ പന്നിയുടെ വൃക്കയുമായി ഏറ്റവും കൂടുതൽ നാൾ ജീവിച്ച വ്യക്തി

  **ടിം ആൻഡ്രൂസ്**

  - 2025 ജനുവരിയിലാണ് ടിം ആൻഡ്രൂസിന് പന്നിയുടെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നത്.
  - തുടർന്ന് 271 ദിവസത്തോളം (ഏകദേശം 9 മാസം) അവയവം അദ്ദേഹത്തിന്റെ ശരീരത്തിൽ രക്ത ശുദ്ധികരണം നടത്തി. ഇപ്പോൾ അദ്ദേഹം മനുഷ്യവൃക്ക സ്വീകരിച്ചു.

- ഭൂപടത്തിലെ വലിപ്പവ്യത്യാസങ്ങൾ തിരുത്താനും വൻകരകളുടെ യഥാർത്ഥ ചിത്രം ലോകത്തിന് മുന്നിലെത്തിക്കാനുമായി ടോഗോയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ യൂണിയൻ അവതരിപ്പിച്ച പ്രമേയം

  **Correct the Map** (ഭൂപടം തിരുത്തുക)

  - 'കറക്റ്റ് ദി മാപ്' പ്രമേയം ഫ്രാൻസും യു.കെയും ഉൾപ്പെടെ 164 രാജ്യങ്ങളുടെ പിന്തുണയോടെ ഐക്യരാഷ്ട്രസഭ അംഗീകരിച്ചു
  - അഞ്ച് നൂറ്റാണ്ടിലധികം പഴക്കമുള്ള മെർക്കേറ്റർ ഭൂപട മാതൃക ഐക്യരാഷ്ട്രസഭ പിൻവലിച്ചു. പകരം 2018-ൽ രൂപകൽപ്പന ചെയ്ത 'ഈക്വൽ എർത്ത്' (Equal Earth) മാതൃകയെ പുതിയ ലോകഭൂപടമായി ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി അംഗീകരിച്ചു.
  - അമേരിക്ക മാത്രമാണ് ഇതിനെ എതിർത്ത് വോട്ട് രേഖപ്പെടുത്തിയത്. പ്രമേയം അനാവശ്യമാണെന്നായിരുന്നു അമേരിക്കൻ പ്രതിനിധിയുടെ വാദം.
  - എസ്റ്റോണിയ, ജോർജിയ, ലിത്വാനിയ, മോൾഡോവ, സെർബിയ, യുക്രൈൻ എന്നീ ആറ് രാജ്യങ്ങൾ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു.
  - ഗണിതശാസ്ത്രജ്ഞനും കാർട്ടോഗ്രാഫറുമായ ജെറാർഡസ് മെർക്കേറ്റർ (Gerardus Mercator) 1569-ൽ സൃഷ്ടിച്ച മെർക്കേറ്റർ ഭൂപടത്തിനെതിരായ വിമർശനങ്ങൾ ശക്തമാകുന്ന സാഹചര്യത്തിലാണ് ഐക്യരാഷ്ട്രസഭ പുതിയ ഭൂപടത്തിന് അംഗീകാരം നൽകുന്നത്.

- പിക്കാക്സ് (PicKaxe) പർവ്വതം സ്ഥിതി ചെയ്യുന്നത്

  **ഇറാൻ**

  - ഈ പർവ്വതം ആക്രമിക്കാനൊരുങ്ങുകയാണ് അമേരിക്കൻ പ്രസിഡന്റ് ട്രംപ്
  - ഇറാനിലെ യുറേനിയം സമ്പുഷ്ടീകരണ കേന്ദ്രത്തിനടുത്താണ് പിക്കാക്സ് പർവ്വതം സ്ഥിതി ചെയ്യുന്നത്.

## Sports

- 2026 കേരള ക്രിക്കറ്റ് ലീഗ് (3rd) കിരീടം നേടിയത്

  **തൃശൂർ ടൈറ്റൻസ്**

  - കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സിനെ ഫൈനലിൽ തോൽപ്പിച്ചു
  - ഫൈനലിലെ താരം – **അഹമ്മദ് ഇമ്രാൻ**
  - പ്ലെയർ ഓഫ് ദി ടൂർണമെന്റ് – **മുഹമ്മദ് അസറുദ്ദീൻ**
  - ഏറ്റവും കൂടുതൽ റൺസ് നേടിയത് – **മുഹമ്മദ് അസറുദ്ദീൻ**
  - ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയത് – **നിഖിൽ എം.**
  - വേദി – **ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയം, തിരുവനന്തപുരം**

- ചൈന മാസ്റ്റേഴ്സ് 2026 ബാഡ്മിന്റൺ പുരുഷ ഡബിൾസ് കിരീടം നേടിയത്

  **സാത്വിക്സായിരാജ് രങ്കിറെഡ്ഡി & ചിരാഗ് ഷെട്ടി**

  - ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് നേടുന്ന ആദ്യ ഇന്ത്യൻ സഖ്യം
  - വേദി – **ഷെൻഷെൻ, ചൈന**
  - ഖേൽ രത്ന അവാർഡ് (2023), അർജുന അവാർഡ് (2020) എന്നിവ ഇവർ നേടിയിട്ടുണ്ട്

- 2026 ഫോർമുല വൺ  ഇറ്റാലിയൻ ഗ്രാൻപ്രീയിൽ ജേതാവായത്

  **കിമി അന്റോനെല്ലി**

  - 1966-ന് ശേഷം ഇറ്റാലിയൻ ഗ്രാൻപ്രീയിൽ ജേതാവാകുന്ന ആദ്യ ഇറ്റാലിയൻ താരമാണ് കിമി.
  - ജോർജ് റസൽ രണ്ടാം സ്ഥാനത്തെത്തി. മാക്സ് വെസ്റ്റപ്പനാണ് മൂന്നാം സ്ഥാനം നേടിയത്.

- ലോകത്തിലെ ഏറ്റവും സമ്പന്നമായ ക്രിക്കറ്റ് ബോർഡ്

  **ബി.സി.സി.ഐ.**

  - ക്രിക്കറ്റ് ഓസ്ട്രേലിയ രണ്ടാം സ്ഥാനത്തും, ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡ് മൂന്നാം സ്ഥാനത്തും, പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് നാലാം സ്ഥാനത്തും നിൽക്കുന്നു.

## Today's MCQ

1. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബിൽ, 2026 പരിശോധിക്കുന്നതിനായി രൂപീകരിച്ച 31 അംഗ JPC-യുടെ അധ്യക്ഷൻ ആര്?

   a) മോഹിത് ജയിൻ　　b) നിത്യാനന്ദ റായ്

   c) സഞ്ജയ് ജയ്സ്വാൾ　　d) അമിത് ഷാ

2. മാലിദ്വീപിന്റെ '5 മില്യൺ ട്രീ പ്രൊജക്റ്റിന്' പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് തേക്ക്, മാവ് തൈകൾ സംഭാവന നൽകിയ ഇന്ത്യൻ സംസ്ഥാനം ഏത്?

   a) തമിഴ്നാട്　　b) കർണാടക

   c) കേരളം　　d) മഹാരാഷ്ട്ര

   **Ans : 1(c), 2(c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
09



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appoinment

- ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റിയുടെ (INS) 2026–27 കാലയളവിലെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **കരൺ രാജേന്ദ്ര ദർദ**

  - ലോക്മത് മീഡിയ ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറാണ്

- ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പുതിയ ലെഫ്റ്റനന്റ് ഗവർണർ

  **ദിനേശ് ശർമ്മ**

## Book and author

- Red Soil Iron Will, The Journey of V.S.'.എന്ന പുസ്തകത്തിന്റെ രചയിതാവ്

  **കെ.വി. സുധാകരൻ**

## Kerala

- 68-ാമത് (2026-27) സംസ്ഥാന സ്കൂൾ കായികമേള വേദി

  **കോഴിക്കോട്**

  - 67-ാമത് വേദി - **തിരുവനന്തപുരം**

    (ഓവറോൾ നേടിയത് - **തിരുവനന്തപുരം**, ഭാഗ്യചിഹ്നം - **തങ്കു** (മുയൽ)

- ഇന്ത്യയിലെ ആദ്യത്തെ ഭിന്നശേഷി പുനരധിവാസ ഗ്രാമം

  **ആതവനാട്, തിരൂർ** (മലപ്പുറം)

  - ഭിന്നശേഷി പുനരധിവാസ ഗ്രാമത്തിൽ എല്ലാ സംവിധാനങ്ങളുമുണ്ടാകും
  - കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് താമസ സൗകര്യം നൽകും.
  - ഭിന്നശേഷി വിഭാഗത്തിൽപെടുന്ന ഒരു കുട്ടിയുടെ ജനനം മുതൽ മരണംവരെയുള്ള ജീവിത കാലഘട്ടത്തിൽ ആവശ്യമായി വരുന്ന മുഴുവൻ സംവിധാനങ്ങളും ഈ ഗ്രാമത്തിലുണ്ടാകും

## National

- ആരവല്ലി മലനിരകളുടെ നിർവചനവും സംരക്ഷണവും പരിശോധിക്കുന്നതിനായി സുപ്രീം കോടതി രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ അധ്യക്ഷ

  **കാഞ്ചൻ ദേവി**

  - 2027 ഫെബ്രുവരി 28 വരെ 6 മാസത്തെ അധിക സമയം കമ്മിറ്റി ആവശ്യപ്പെട്ടെങ്കിലും സുപ്രീം കോടതി അത് നിരസിച്ചു
  - കേവലം ഉയരത്തിന്റെ മാത്രം അടിസ്ഥാനത്തിൽ മാത്രം ആരവല്ലിയെ നിർവചിക്കാനാകില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു
  - 2026 നവംബർ 30 സമയപരിധിക്കുള്ളിൽ റിപ്പോർട്ട് നൽകാത്ത പക്ഷം കമ്മിറ്റി പുനഃസംഘടിപ്പിക്കുമെന്ന് (reconstitute) സുപ്രീം കോടതി മുന്നറിയിപ്പ് നൽകി.

- ഇന്ത്യയിലെ ആദ്യത്തെ കാർബൺ ഗാർഡൻ സ്ഥാപിതമായത്

  **ഡൽഹി യൂണിവേഴ്സിറ്റി**

  - വായു മലിനീകരണവും മണ്ണ് മലിനീകരണവും കുറയ്ക്കുക എന്നതാണ് പ്രധാന ലക്ഷ്യം

- ഗൊല്ലാല ഗുഡി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **തെലങ്കാന**

  - ഗൊല്ലല ഗുഡി ക്ഷേത്രത്തെ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ASI) ദേശീയ പ്രാധാന്യമുള്ള സ്മാരകമായി പ്രഖ്യാപിച്ചു
  - കാകതീയ കാലഘട്ടവുമായി ബന്ധപ്പെട്ട ക്ഷേത്രമാണിത്
  - ഗൊല്ലല ഗുഡി ഒരു ത്രികൂടാലയമാണ് അതായത് മൂന്ന് ഗർഭഗൃഹങ്ങൾ ഉൾക്കൊള്ളുന്ന ക്ഷേത്രരൂപം.
  - ക്ഷേത്രം യുനെസ്കോ ലോക പൈതൃക പട്ടികയിലുള്ള രാമപ്പ ക്ഷേത്രത്തിന് സമീപമാണ്. രാമപ്പ ക്ഷേത്രത്തിന്റെ ഔദ്യോഗിക പേര് രുദ്രേശ്വര ക്ഷേത്രം എന്നാണ്
  - 2021ൽ ഇന്ത്യയിലെ 39-ാമത്തെ ലോക പൈതൃക കേന്ദ്രമായി രാമപ്പ ക്ഷേത്രം പ്രഖ്യാപിക്കപ്പെട്ടു.

- 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങിന് വേദിയാകുന്നത്

  **ഏകതാ നഗർ** (ഗുജറാത്ത്)

  - ഏകതാ നഗർ (നർമദ ജില്ല)പ്രധാനമായും Statue of Unity സ്ഥിതി ചെയ്യുന്ന പ്രദേശമായാണ് അറിയപ്പെടുന്നത്.

- 2026ൽ 75-ാം വാർഷികം ആഘോഷിച്ച തമിഴ് ദിനപത്രം

  **ദിനമലർ**

  - തമിഴ് ദിനപത്രമായ ദിനമലറിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കി.
  - ചെന്നൈയിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ആണ് സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കിയത്.
  - പട്ടം (Pattam) എന്ന ദിനമലറിന്റെ വിദ്യാഭ്യാസ സംരംഭത്തെയും ഉപരാഷ്ട്രപതി അഭിനന്ദിച്ചു.
  - ദിനമലർ സ്ഥാപിതമായ വർഷം - **1951**
  - സ്ഥാപകൻ - **ടി. വി. രാമസുബ്ബയ്യർ**

## International

- 2026–27 കാലയളവിലെ SCO യുടെ ടൂറിസം ആൻഡ് കൾച്ചറൽ ക്യാപിറ്റൽ ആയി തിരഞ്ഞെടുക്കപ്പെട്ട നഗരം

  **ലാഹോർ** (പാകിസ്ഥാൻ)

  - SCO -**Shanghai Cooperation Organisation**
  - SCO ടൂറിസം ആൻഡ് കൾച്ചറൽ ക്യാപിറ്റൽ പദവി 2022 മുതൽ അംഗരാജ്യങ്ങൾക്കിടയിൽ നൽകി വരുന്നു
  - ആദ്യമായി ടൂറിസം ആൻഡ് കൾച്ചറൽ ക്യാപിറ്റൽ പദവി ലഭിച്ചത് - **വാരണാസി** (2022)

## Science & tech

- ഇടുക്കി മതികെട്ടാൻ ഷോല ദേശീയോദ്യാനത്തിൽ നിന്ന് അടുത്തിടെ കണ്ടെത്തിയ പുതിയ ലൈക്കൺ ഇനം

  **ബുവെല്ലിയ മഹാരാജെൻസിസ്**

  - മഹാരാജാസ് കോളേജിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് കോളേജിനോടുള്ള ആദര സൂചകമായാണ് പുതിയ ഇനത്തിന് ബുവെല്ലിയ മഹാരാജെൻസിസ് (Buellia maharajensis) എന്ന് പേര് നൽകിയിരിക്കുന്നത്

## Demise

- 2026 സെപ്റ്റംബറിൽ അന്തരിച്ച കർണാടക സംഗീതജ്ഞൻ

  **എസ്. ആർ.ജാനകിരാമൻ** (എസ് . രംഗസാമി ജാനകിരാമൻ )

  - 2011ൽ പത്മശ്രീ ലഭിച്ചു

- 2026 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര സംവിധായകൻ

  **ആർ.ശരത്**

  - ഇദ്ദേഹം സംവിധാനം ചെയ്ത് 2000-ൽ പുറത്തിറങ്ങിയ 'സായഹ്നം' എന്ന ചിത്രത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിൽ ഏഴ് പുരസ്കാരങ്ങളും നവാഗത സംവിധായകനുള്ള ഇന്ദിരാഗാന്ധി ദേശീയ പുരസ്കാരവും ലഭിച്ചു.

## Today's MCQ

1. ലഡാക്കിലെ സാൻസ്കർ ജില്ലയിൽ നിന്ന് ഇന്ത്യൻ സൈന്യത്തിൽ കമ്മീഷൻ ചെയ്യപ്പെടുന്ന ആദ്യത്തെ വനിതാ ഓഫീസർ ആരാണ്?

   a) സ്റ്റാൻസിൻ സാങ്യാങ്     b) സോനം ചോസ്ഡോൺ

   c) ചേറിങ് ഡോൾമ     d) റിൻചെൻ അങ്മോ

2. 'Arguments with Gandhi' എന്ന പുതിയ പുസ്തകം രചിച്ചത് ആര്?

   a) രാമചന്ദ്ര ഗുഹ     b) ശശി തരൂർ

   c) അരുന്ധതി റോയ്     d) വിക്രം സേത്ത്

**Ans : 1. (a), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEPTEMBER
10



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX, OPPOSITE ARIES PLEX THEATRE, THIRUVANANTHAPURAM
8590 575 713

## Appointment

- 2026 സെപ്റ്റംബറിൽ തുടർച്ചയായി രണ്ടാം തവണയും ഏഷ്യൻ പസഫിക് പോസ്റ്റൽ യൂണിയന്റെ (എ.പി.പി.യു ) സെക്രട്ടറി ജനറലായി തിരഞ്ഞെടുക്കപ്പെട്ടത്

  **ഡോ. വിനയ പ്രകാശ് സിംഗ്**

  - 2026 സെപ്റ്റംബർ 4 ന് തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന 14-ാമത് എ.പി.പി.യു കോൺഗ്രസിൽ അദ്ദേഹം എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.
  - ഏഷ്യൻ പസഫിക് പോസ്റ്റൽ യൂണിയന്റെ ആസ്ഥാനം - **ബാങ്കോക്**

## Kerala

- മീനുകളുടെ നീളവും വീതിയും കൃത്യമായി അളക്കാൻ സഹായിക്കുന്ന ‘മത്സ്യമെട്രി‘ മൊബൈൽ ആപ്പ് വികസിപ്പിച്ചത്

  **സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്** (CMFRI)

  - മീനുകളുടെ ചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി, അവയുടെ അളവുകൾ തിട്ടപ്പെടുത്താൻ ആപ്പ് വഴി സാധിക്കും.
  - സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്നത് - **കൊച്ചി**

- മഹാകവി ഉള്ളൂരിന്റെ ശേഖരത്തിലുണ്ടായിരുന്ന ഗ്രന്ഥങ്ങളും പഴയ ആനുകാലികങ്ങളും ഡിജിറ്റൈസ് ചെയ്യുന്നു

  - ഉള്ളൂർ സ്മാരക ലൈബ്രറിയും ഗ്രന്ഥപ്പുരയും ചേർന്നാണ് ഡിജിറ്റൈസ് ചെയ്യുന്നത്

## National

- 2026 സെപ്റ്റംബറിൽ ലോക പൈതൃക പട്ടികയുടെ താത്കാലിക പട്ടികയിൽ ഇടം നേടിയ ഇന്ത്യയിൽ നിന്നുള്ള കേന്ദ്രങ്ങൾ

  **രംഗ്പൂർ-ശിവസാഗർ ചരിത്ര കൂട്ടായ്മ (അസം)**

  **പെയിന്റഡ് ഹവേലി ടൗൺസ് ഓഫ് ശെഖാവതി (രാജസ്ഥാൻ)**

  **Nicobarese Cultural Continuity in the Central group of Nicobar Islands**

  **Colonial Penal Settlement of Andaman Islands**

  - 73 സൈറ്റുകളാണ് ഇന്ത്യയിൽ നിന്ന് ഈ പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നത്.

- ആശാ ഭോസ്‌ലെയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് എഐ അധിഷ്ഠിത ഗാനം പുറത്തിറക്കിയ സംഗീത സംവിധായകൻ

  **എ.ആർ. റഹ്മാൻ**

  - ആശ ഫോറെവർ (Asha Forever) എന്നാണ് ഗാനത്തിന് പേര് നൽകിയിരിക്കുന്നത്.
  - ആശാ ഭോസ്‌ലെയുടെ മരണത്തിന് മുൻപ് എ.ആർ. റഹ്മാൻ അവരുടെ സ്വന്തം ശബ്ദത്തിൽ റെക്കോർഡ് ചെയ്തിരുന്നു. അവരുടെ വേർപ്പാടിനുശേഷം നേരത്തെ ചിത്രീകരിക്കാൻ കഴിയാതെ പോയ ഭാഗങ്ങൾ നിർമ്മിത ബുദ്ധി ഉപയോഗിച്ചാണ് പൂർത്തിയാക്കിയത്.
  - 2026 ഏപ്രിൽ 12-നായിരുന്നു ആശാ ഭോസ്‌ലെ അന്തരിച്ചത്

## International

- സ്ത്രീ ജീവനക്കാരെ മാറ്റിനിർത്തിയെന്നാരോപിച്ച് ജീവനക്കാർ പ്രതിഷേധിച്ചതിന്റെ ഭാഗമായി ഒരു ദിവസത്തേക്ക് താൽകാലികമായി അടച്ചിട്ട ലോക പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രം

  **ഈഫൽ ടവർ**

  - ബോച്ചാസൻവാസി അക്ഷർ പുരുഷോത്തം സ്വാമിനാരായണൻ സൻസ്ഥാ (BAPS) ഗ്രൂപ്പിന്റെ 100 പേരടങ്ങുന്ന സംഘത്തിന്റെ സന്ദർശനത്തോടനുബന്ധിച്ചായിരുന്നു വനിതാ ജീവനക്കാരെ മാറ്റി നിർത്തിയത്.

- 2026 സെപ്റ്റംബറിൽ വീർ ഗാർഡിയൻ വ്യോമാഭ്യാസത്തിനു വേദിയാകുന്നത്

  **ജോധ്പൂർ**

  - ഇന്ത്യൻ വ്യോമസേനയും , ജപ്പാൻ എയർ സെൽഫ് ഡിഫൻസ് ഫോഴ്സും തമ്മിലുള്ള വ്യോമാഭ്യാസമാണ് വീർ ഗാർഡിയൻ

## Sports

- ഏഷ്യൻ ഗെയിംസ് സ്വർണ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് സംസ്ഥാന കായിക വകുപ്പ് പ്രഖ്യാപിച്ച സമ്മാനത്തുക

  **50 ലക്ഷം**

  - വെള്ളി നേടുന്ന താരങ്ങൾക്ക് 30 ലക്ഷവും വെങ്കല മെഡൽ ജേതാക്കൾക്ക് 20 ലക്ഷവും പ്രോത്സാഹനം പ്രഖ്യാപിച്ചു.
  - ഗെയിംസിൽ സ്വർണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്ന മലയാളിതാരങ്ങളുടെ പരിശീലകർക്ക് 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം വീതവും പ്രോത്സാഹനം പ്രഖ്യാപിച്ചു.
  - 492 അംഗ ഇന്ത്യൻ സംഘത്തിൽ 28 മലയാളി താരങ്ങളുണ്ട്.
  - സംസ്ഥാന കായിക വകുപ്പ് മന്ത്രി - **ഒ.ജെ ജനീഷ്**

- 2026 ഗ്ലോബൽ ചെസ്സ് ലീഗിന്റെ വേദി

  **ബംഗളൂരു**

  - ആറ് ടീമുകളാണ് ലീഗിൽ മത്സരിക്കുന്നത്

- അഫ്ഗാനിസ്ഥാനുമായുള്ള ട്വന്റി 20 ക്രിക്കറ്റ് പരമ്പരക്കുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മാനേജറായി നിയമിതനായ മലയാളി

  **ആർ. കാർത്തിക് വർമ്മ**

- മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അവബോധം ഉണ്ടാക്കാൻ നടത്തുന്ന കേരളത്തിലെ ഏറ്റവും വലിയ സ്കൂൾതല ഫുട്ബോൾ ടൂർണമെന്റ്

  **വേണ്ട കപ്പ്**

  - അലയൻസ് സർവീസസ് ഇന്ത്യയാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്

## Today's MCQ

1. 68-ാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ വേദി ?

   a) തിരുവനന്തപുരം　b) എറണാകുളം
   c) കോഴിക്കോട്　d) തൃശൂർ

2. ഇന്ത്യയിലെ ആദ്യത്തെ ഭിന്നശേഷി പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത് എവിടെയാണ്?

   a) നിലമ്പൂർ　b) മാനന്തവാടി
   c) കുന്നംകുളം　d) ആതവനാട്

**Ans : 1(c), 2(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
11



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- 2026 ൽ വ്യോമസേനയുടെ എയർ ഓഫീസർ ഇൻ ചാർജ് മെയ്ന്റനൻസായി ചുമതലയേറ്റ മലയാളി

  **എയർ മാർഷൽ കെ.എ.എ സഞ്ജീബ്**

  - എറണാകുളം സ്വദേശിയാണ്.

- ആങ്കർ ഓറൽ കെയറിന്റെ ഇന്ത്യയിലെ ബ്രാൻഡ് അംബാസഡർ

  **ജോസ് ബട്‌ലർ (ഇംഗ്ലീഷ് ക്രിക്കറ്റ് താരം)**

- കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനായി നിയമിതനാകുന്നത്

  **ജസ്റ്റിസ് സി പ്രദീപ് കുമാർ**

  - മുൻ ഹൈക്കോടതി ജസ്റ്റിസാണ് അദ്ദേഹം

## Kerala

- സംസ്ഥാന ജില്ലാ ജുഡീഷ്യറി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 62 വയസ്സായി ഉയർത്തി

  - സംസ്ഥാനത്തെ മുൻസിഫ്/ മജിസ്ട്രേറ്റ് മുതൽ പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്മിമാരുടെവരെ വിരമിക്കൽ പ്രായം 60ൽ നിന്ന് 62 വയസ്സായി ഉയർത്താൻ മന്ത്രിസഭാ തീരുമാനം.
  - സുപ്രീംകോടതി നിർദേശാനുസരണമാണ് മന്ത്രിസഭാ തീരുമാനമെടുത്തത്
  - ഈ വിഷയത്തിൽ എല്ലാ സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണ പ്രദേശങ്ങളും അതത് അധികാരപരിധിയിലുള്ള ഹൈക്കോടതികളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചു

- പട്ടുനൂൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സമഗ്ര കേന്ദ്ര പദ്ധതികളുടെ ഭാഗമായി പട്ടുനൂൽ കൃഷി വ്യാപിപ്പിക്കാൻ തിരഞ്ഞെടുത്ത കേരളത്തിലെ ജില്ലകൾ

  **വയനാട്, പാലക്കാട്, ഇടുക്കി**

  - പട്ടുനൂൽ കൃഷിയിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണ്. ചൈനയെ പിന്തള്ളി ഒന്നാം സ്ഥാനത്ത് എത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം

## National

- അടുത്തിടെ സ്നാപ്പിന്റെ ചീഫ് ബിസിനസ് ഓഫീസർ സ്ഥാനമൊഴിഞ്ഞ വ്യക്തി

  **അജിത് മോഹൻ**

  - റോണൻ ഹാരിസിനെ ചീഫ് കൊമേഴ്സ്യൽ ഓഫീസറായി നിയമിച്ചു

- ഇന്ത്യയിലെ ഏഴാമത്തെ തപാൽ പരിശീലന കേന്ദ്രം നിലവിൽ വരുന്നത്

  **ശിവ്പുരി** (മധ്യപ്രദേശ്)

  - കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ എം. സിന്ധ്യ ഇതിന് തറക്കല്ലിട്ടു

- 7-ാമത് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026 ന്റെ വേദി

  **മുംബൈ**

- കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ അവലോകനരേഖ പ്രകാരം 2026-27 സാമ്പത്തികവർഷത്തെ ഇതുവരെയുള്ള മൂലധനച്ചെലവ് വിനിയോഗത്തിൽ ഒന്നാമതുള്ള സംസ്ഥാനം

  **കേരളം**

  - ഏപ്രിൽ മുതൽ ജൂലൈ വരെ ബജറ്റിൽ വകയിരുത്തിയ മൂലധനച്ചെലവിന്റെ 42.36 ശതമാനവും ചെലവഴിച്ചാണ് സംസ്ഥാനം മുന്നിലെത്തിയത്.
  - റവന്യൂ ചെലവിനത്തിൽ കേരളം നാലാമതാണ് (ആന്ധ്രപ്രദേശ്, ഹിമാചൽപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളാണ് യഥാക്രമം ആദ്യ മൂന്നു സ്ഥാനങ്ങളിൽ)
  - 22 സംസ്ഥാനങ്ങളുടെ മൂലധനച്ചെലവ് വിനിയോഗത്തിൽ ഈ വർഷം കാര്യമായ മുന്നേറ്റമുണ്ടായെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ അവലോകനരേഖയിൽ പറയുന്നു

## International

- Renoir Museum സ്ഥിതി ചെയ്യുന്നത്

  **ഫ്രാൻസ്**

  - അടുത്തിടെ ഇവിടെ നിന്ന് പെയിന്റിങ്ങുകൾ മോഷണംപോയി.
  - മോഷ്ടിച്ച നാല് പെയിന്റിംഗുകളിൽ രണ്ടെണ്ണം മ്യൂസിയത്തിന്റെ പൂന്തോട്ടത്തിൽ ഉപേക്ഷിച്ചു.
  - തെക്കൻ ഫ്രാൻസിലെ ഫ്രഞ്ച് ഇംപ്രഷനിസ്റ്റ് ചിത്രകാരൻ Pierre Auguste Renoir ന്റെ പേരിൽ സമർപ്പിച്ചിരിക്കുന്ന മ്യൂസിയമാണിത്
  - "Portrait of Madame Colonna Romano", "Young Woman at the Well" എന്നിവയാണ് മോഷ്ടിക്കപ്പെട്ടവ.

- 2026 സെപ്റ്റംബറിൽ 50-ാം ചരമവാർഷികം ആചരിക്കപ്പെടുന്ന ആധുനിക ചൈനയുടെ ശിൽപി

  **മാവോ സെ തുങ്**

  - ജനിച്ചത് - **1893 ഡിസംബർ 26**
  - അന്തരിച്ചത് - **സെപ്റ്റംബർ 9, 1976**
  - ലോങ് മാർച്ചിന് നേതൃത്വം നൽകി (1934)
  - പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈനയുടെ സ്ഥാപകൻ
  - മാവോ സെതുങിന്റെ നേതൃത്വത്തിൽ ചൈനയെ ജനകീയ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചത്

    **1949 ഒക്ടോബർ 1**

  - മാവോ സെ തുങിന്റെ നേതൃത്വത്തിൽ ചൈനയിൽ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കരണങ്ങൾ അറിയപ്പെടുന്നത്

    **മഹത്തായ മുന്നോട്ടുള്ള കുതിച്ചുചാട്ടം** (The Great Leap Forward)

  - പുരോഗമന റിപ്പബ്ലിക് സ്ഥാപിക്കുന്നതിനായി സൺ യാത് സെൻ സ്ഥാപിച്ചതാണ്

    ചൈന പുനരുജ്ജീവന സംഘം

## Today’s MCQ

1. ആശാ ഭോസ്‌ലെയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് എഐ (AI) അധിഷ്ഠിത ഗാനം പുറത്തിറക്കിയ സംഗീത സംവിധായകൻ ആര്?

   a) ഇളയരാജ
   b) എം. ജയചന്ദ്രൻ
   c) എ.ആർ. റഹ്മാൻ
   d) വിദ്യാസാഗർ

2. സ്ത്രീ ജീവനക്കാരെ മാറ്റിനിർത്തിയെന്നാരോപിച്ച് ജീവനക്കാരുടെ പ്രതിഷേധത്തെത്തുടർന്ന് ഒരു ദിവസത്തേക്ക് താൽകാലികമായി അടച്ചിട്ട ലോകപ്രശസ്ത ടൂറിസ്റ്റ് കേന്ദ്രം ഏത്?

   a) ലൂവ്ര് മ്യൂസിയം
   b) ഈഫൽ ടവർ
   c) ബുർജ് ഖലീഫ
   d) താജ്മഹൽ

   **Ans : 1(c), 2(b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise
759 398 5757

# DAILY CURRENT AFFAIRS

## STUDY NOTES

SEP 12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- 2026 ഏഷ്യൻ ഗെയിംസിനുള്ള ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യയുടെ ഒബ്സർവർ ആയി നിയമിതനായ മലയാളി

  **വി. സുനിൽ കുമാർ**

  - കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് - **വി. സുനിൽ കുമാർ**
  - 2026 ഏഷ്യൻ ഗെയിംസിന്റെ ഭാഗമായി ഫൺ റൺ സംഘടിപ്പിച്ച ഇന്ത്യൻ നഗരം- **തിരുവനന്തപുരം**
  - 20-ാമത് ഏഷ്യൻ ഗെയിംസിന്റെ വേദി - **ഐച്ചി നഗോയ** (ജപ്പാൻ)
- നിലവിലെ ജമ്മു കാശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ജമ്മു കാശ്മീർ ലെഫ്റ്റനന്റ് ഗവർണറുടെ അധിക ചുമതല നൽകപ്പെട്ടത്

  **വിനയ് കുമാർ സക്സേന** (ലഡാക്ക് ലെഫ്റ്റനന്റ് ഗവർണർ)
- ഇന്ത്യൻ കരസേനയിൽ നിന്ന് രാഷ്ട്രപതിയുടെ ADC (Aide-de-Camp) പദവിയിലെത്തുന്ന ആദ്യ വനിതാ ഓഫീസർ

  **നവ്യ ശെഖാവത്ത്**

  - 2026-ൽ രാഷ്ട്രപതിയുടെ ADC ആയി മേജർ നവ്യ ശെഖാവത്ത് നിയമിതയായി
  - രാഷ്ട്രപതിയുടെ ADC പദവിയിലെത്തുന്ന രണ്ടാമത്തെ വനിതാ ഓഫീസർ കൂടിയാണ് മേജർ നവ്യ ശെഖാവത്ത്
  - രാഷ്ട്രപതിയുടെ ADC പദവിയിലെത്തിയ ആദ്യ വനിതാ ഓഫീസർ ഇന്ത്യൻ നാവികസേനയിൽ നിന്നുള്ള ലെഫ്റ്റനന്റ് കമാൻഡർ യശസ്വി സോളങ്കിയായിരുന്നു (2025)
  - രാഷ്ട്രപതിക്ക് സാധാരണയായി 5 ADCമാർ ഉണ്ടാകും (കരസേന - 3,നാവികസേന - 1, വ്യോമസേന -1)

## Kerala

- ഭൂഗർഭജലത്തിന്റെ ഒഴുക്കുമൂലം മണ്ണിന്റെ അടിഭാഗം ക്രമേണ ഒലിച്ചുപോകുകയും ഭൂമിക്കടിയിൽ തുരങ്ക സദൃശമായ ശൂന്യസ്ഥലം രൂപപ്പെടുകയും ചെയ്യുന്ന പ്രതിഭാസം

  **സോയിൽ പൈപ്പിംഗ്**

  - ഇത്തരം ഭൂഗർഭ തുരങ്കങ്ങൾ വലുതാകുന്നതോടെ മേൽഭാഗത്തെ ഭൂമി താഴ്ന്നുപോകാനും കെട്ടിടങ്ങൾക്ക് അപകടമുണ്ടാകാനും സാധ്യതയുണ്ട്.
  - അടുത്തിടെ കാസർഗോഡ് ഒറ്റമാവുങ്കലിൽ വീടിനടിയിൽ ഭൂഗർഭ ഗുഹ രൂപപ്പെടാൻ കാരണമായ പ്രതിഭാസം സോയിൽ പൈപ്പിംഗ് ആണെന്ന് ജിയോളജി, സോയിൽ ഡിപ്പാർട്ട്മെന്റുകൾ നടത്തിയ പരിശോധനയിൽ കണ്ടെത്തി.
